(ബി) മരിച്ചവരുടെ ആശ്രിതർക്ക് 5,000 രൂപ വീതവും ചികിൽസയിൽ കഴിയുന്നവർക്ക് 1,500 രൂപ വീതവും 16-4-1986-ൽ നൽകുകയുണ്ടായി.

(സി, ഡി) കൂടുതൽ സഹായം ഇപ്പോഴും പരിഗണനയിലില്ല.

(ഇ) ഉണ്ട്.

(എഫ്) അന്വേഷണത്തിനു വിധേയമായി സബ് എഞ്ചിനീയർ ഓവർസിയർ, ലൈൻ അസിസ്റ്റന്റ് എന്നിവരെ സസ്പെൻറു ചെയ്തു. കൂടാതെ അസിസ്റ്റന്റ് എഞ്ചിനീയറെയും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറെയും സ്ഥലം മാറ്റുകയും ഉണ്ടായി.

ഡോക്ടർ ഹെർമൻ ഗുണ്ടർട്ട് താമസിച്ചിരുന്ന ഇല്ലിക്കുന്നിലെ ബംഗ്ലാവ്

610 [829] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഡോക്ടർ ഹെർമൻ ഗുണ്ടർട്ട് താമസിച്ചിരുന്ന ഇല്ലിക്കുന്നിലെ ബംഗ്ലാവ് ഗവൺമെൻറ് ഏറ്റെടുത്ത് സ്മാരകമായി സൂക്ഷിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

സാമ്പത്തികമായ ബുദ്ധിമുട്ടുകളാൽ ഇപ്പോഴും ആലോചനയിലില്ല.

പ്രകൃതിക്ഷോഭംമൂലം കൃഷിനാശം സംഭവിക്കുന്നവരെ സഹായിക്കുവാൻ സംവിധാനം

611 [830] ശ്രീ. കെ. പി. അരവിന്ദാക്ഷൻ :
,, വർക്കല രാധാകൃഷ്ണൻ :
ശ്രീമതി കെ. ആർ. ഗൗരി :
ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ് :
,, ടി. കെ. അബ്ദു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രകൃതിക്ഷോഭം, വരൾച്ച തുടങ്ങിയവകൊണ്ട് കൃഷിനാശം സംഭവിക്കുന്ന കർഷകരെ സഹായിക്കുവാനുള്ള സ്ഥിരം സംവിധാനം അനുസരിച്ച് 1985-86 വർഷങ്ങളിൽ കൃഷിനാശം ഉണ്ടായ എത്ര കർഷകർക്ക് എത്ര രൂപയുടെ സഹായം നൽകി ;

(ബി) സഹായത്തിന്റെ സ്വഭാവം എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1984-85 വർഷത്തിൽ 25000 കർഷകർക്കും 1985-86 വർഷത്തിൽ 23000 കർഷകർക്കുമായി യഥാക്രമം 49.69 ലക്ഷം രൂപയും 45.06 ലക്ഷം രൂപയും നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly